"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുട്ടനാട് നിയോജക മണ്ഡലത്തിലെ നെടുമുടി ഗ്രാമപഞ്ചായത്തിൽ മൂന്നകളം മുതൽ വൈശ്യംഭാഗം കടത്ത് കടവ് വരെ റോഡ് നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1304/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/07/2020**

പരാമർശം:- 1. 2019-20-സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ work appendix vol-II ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 2231 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 06-02-2020 ലെ എ.ബി.2/ഡി.ബി.2/1103/20/സി.ഇ./ ത.സ്വ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

കുട്ടനാട് നിയോജക മണ്ഡലത്തിലെ നെടുമുടി ഗ്രാമപഞ്ചായത്തിൽ 'മൂന്നകളം മുതൽ വൈശ്യംഭാഗം കടത്ത് കടവ് വരെ റോഡ് നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് ഒരു കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി 2019-20-ലെ സംസ്ഥാന ബഡ്ജറ്റിന്റെ വർക്ക് അപ്പന്റിക്സ് ഭാഗം II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 2231 ആയി ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ പരാമർശം (2) പ്രകാരം ഒരു കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി സർക്കാർ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ സമർപ്പിച്ച ഡി.പി.ആർ അംഗീകരിച്ച് കൊണ്ട് 2019-20-ലെ സംസ്ഥാന ബഡ്ജറ്റിന്റെ വർക്ക് അപ്പന്റിക്സ് ഭാഗം II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 2231 ആയി ഉൾപ്പെടുത്തിയിരുന്ന കുട്ടനാട് നിയോജക മണ്ഡലത്തിലെ നെടുമുടി ഗ്രാമപഞ്ചായത്തിൽ മൂന്നകളം മുതൽ വൈശ്യംഭാഗം കടത്ത് കടവ് വരെ റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഒരു കോടി രൂപ ചെലവിൽ നിർവ്വഹിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പദ്ധതിയ്ക്ക് ചെലവ് വരുന്ന തുറയ്ക്ക് 4515-00-800-92 (NP) എന്ന ശീർഷകത്തിൽ നിന്നും അധിക ധനാനുമതിയിലൂടെ തുക അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം ,തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനിയർ,ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്). തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.no.1491612/Dev-3/38/20-Fin dated 22-05-2020)

ഡയറക്ടർ(ട്രഷറി),തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.07.[illegible] 15:38:55 IST
Reason: Approved

സെക്ഷൻ ഓഫീസർ